# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

**ചോദ്യം നമ്പർ : 2452**

**08/03/2017 ൽ മറുപടിക്ക്**

## കൊച്ചി - പാലക്കാട് വ്യവസായ ഇടനാഴി

| | **ശ്രീ. ജോൺ ഫെർണാണ്ടസ്** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| | **ചോദ്യം** | | **മറുപടി** |
| (എ) | കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പ്രാവർത്തികമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പ്രാവർത്തികമാക്കുന്നതിനുവേണ്ടി കൊച്ചി മുതൽ ബാംഗ്ലൂർ വരെയുള്ള പ്രദേശം ഒരു വ്യവസായ ഇടനാഴിയായി പ്രഖ്യാപിക്കുന്നതിനും ഇതിൽ കൊച്ചി-പാലക്കാട് ഭാഗം ഒരു ഹൈടെക് വ്യവസായ ഇടനാഴിയാക്കുവാനും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള ഇടനാഴിയായതിനാൽ ഇതു സംബന്ധിച്ച വിശദപഠനം നടത്തേണ്ടത് കേന്ദ്ര സർക്കാരാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ പുതിയതായി രൂപീകരിച്ച നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് & ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT) മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി പദ്ധതിയുടെ ഒരു കൺസെപ്റ്റ് മാസ്റ്റർ പ്ലാനും, Perspective പ്ലാനും തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ